**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 532** — **30-01-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കഴനി-പഴമ്പാലക്കോട് റോഡ് സ്ഥലമേറ്റെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 വർഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കഴനി-പഴമ്പാലക്കോട് റോഡ് (32.89 കോടി) സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് കിഫ്ബിയുടെ സ്റ്റാൻഡേർഡ്-ക്രോസ്സ് സെക്ഷനിൽ 10.5 മീറ്റർ എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തിയ ശേഷം മാത്രമേ റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കാൻ സാധിക്കു എന്ന വിവരം അറിയിച്ചതിന്റെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | തരൂർ മണ്ഡലത്തിലെ കഴനി - പഴമ്പാലക്കോട് റോഡ് 13.6 മീറ്റർ Right of Way-യിൽ മെച്ചപ്പെടുത്തുന്ന പ്രവൃത്തിയ്ക്ക് 16/03/2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 32.89 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നെങ്കിലും റോഡിന്റെ പല ഭാഗങ്ങളിലും ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി 10.5 മീറ്റർ Right of Way-യിൽ നിർവ്വഹിക്കുന്നത് സംബന്ധിച്ച സാധ്യത കിഫ്ബി 19/09/2023-ന് നടന്ന മീറ്റിംഗിൽ ചർച്ച ചെയ്തിരുന്നു. 10.5 മീറ്റർ Right of Way കിഫ്ബിയുടെ Standard Cross Section-ൽ നിലവിലില്ലാത്തതിനാലും, ആയത് ഉൾപ്പെടുത്തുന്നതിന് കിഫ്ബി ഡയറക്ടർ ബോർഡിന്റെ അംഗീകാരം നേടേണ്ടതിനാലും ഇതിനുള്ള സാധ്യത കിഫ്ബി പരിശോധിക്കുന്നതാണെന്നും, ഇപ്രകാരം കിഫ്ബിയുടെ Standard Cross-section-ൽ 10.50 മീറ്റർ എന്ന കാറ്റഗറി ഉൾപ്പെടുത്തിയ ശേഷം മാത്രമേ ഈ വീതിയിൽ റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ എന്ന വിവരം അറിയിച്ചിരുന്നതാണ്.<br><br>പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 10.5 മീറ്റർ Right of Way എന്ന കാറ്റഗറി കിഫ്ബിയുടെ Standard Cross Section-ൽ ഉൾപ്പെടുത്തുന്ന വിഷയം കിഫ്ബി ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന വിഷയം കിഫ്ബിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ